പത്രക്കുറിപ്പ്
6/09/2013
സ്വതന്ത്രമലയാളംകമ്പ്യൂട്ടിങ്ങ് ഒരു വ്യാഴവട്ടക്കാലം
പൂർത്തിയാക്കുന്നതോടനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾക്ക് നാന്ദി കുറിച്ചു കൊണ്ട് സംസ്ഥാനത്തുടനീളം ആരംഭിക്കുന്ന വിളംബര ശില്പശാലകൾക്ക് തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ വച്ച് തുടക്കമായി. ശില്പശാലയിൽ ഡോ. മഹേഷ് മംഗലാട്ട്, പ്രവീൺ അരിമ്പ്രത്തൊടിയിൽ, ഋഷികേശ്, മനോജ് കെ എന്നിവർ സംസാരിച്ചു. വിഷ്ണു എം, ജയ്സെൻ നെടുമ്പാല എന്നിവർ വിദ്യാർത്ഥികളുമായി സംവദിച്ചു.മലയാളം സർവ്വകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിലെ പ്രൊഫ. ശ്രീനാഥൻ എം ശില്പശാലയ്ക്കു മേൽനോട്ടം വഹിച്ചു.

മലയാളം കമ്പ്യൂട്ടിങ്ങിന്റെ ചരിത്രത്തെയും വെല്ലുവിളികളേയും കുറിച്ചും വിവിധതരം എൻകോഡിങ്ങുകൾ (കമ്പ്യൂട്ടറുകളിൽ നമ്മുടെ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനം), ഫോണ്ടുകൾ, നിവേശകരീതികൾ (കമ്പ്യൂട്ടറിൽ എങ്ങനെ പല ഭാഷകൾ ടൈപ്പ് ചെയ്യാം), അക്ഷരചിത്രീകരണം (കൂട്ടക്ഷരങ്ങൾ മുതലായവ കമ്പ്യൂട്ടറിൽ ശരിയായി കാണുവാൻ) തുടങ്ങിയവ വിദ്യാർത്ഥികളെ പരിചയപ്പെടുത്തി. ആദ്യകാല മലയാളം സോഫ്റ്റ്‌വെയറുകളെല്ലാം തന്നെ മലയാളമറിയാത്തവർ നിർമ്മിച്ചതിലൂടെ വന്ന് ചേർന്ന ചില പിഴവുകളെക്കുറിച്ചും മലയാള സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് ഏതെല്ലാം തരത്തിൽ മലയാളം കമ്പ്യൂട്ടിങ്ങിൽ സംഭാവനകൾ ചെയ്യാം എന്നതും ചർച്ചാ വിഷയമായി. സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിന്റെ ഒരു വ്യാഴവട്ടം പരിപാടിയുടെ ലോഗോ പ്രകാശനവും ചടങ്ങിനോടനുബന്ധിച്ചു നടന്നു. സെപ്റ്റംബർ 7 മുതൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ മലയാളം കമ്പ്യൂട്ടിങ്ങ് ശില്പശാലകൾ നടക്കും. ഒക്ടോബർ 14,15 തിയ്യതികളിൽ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് നടക്കുന്ന ദ്വിദിന പരിപാടിയുടെ വിളംബരമായിട്ടാണ് കേരളത്തിലെ കലാലയങ്ങളും സ്കൂളുകളും സാംസ്കാരികസ്ഥാപനങ്ങളുമായി സഹകരിച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നത്. മലയാളത്തെ കമ്പ്യൂട്ടിങ്ങിനു പ്രാപ്തമാക്കിയ ഒട്ടനവധി വ്യക്തികളുടെയും കൂട്ടങ്ങളുടെയും ഇടപെടലുകളെ ഓർമ്മിക്കാനും ആദരിക്കാനും അവരുമായി സംവദിക്കാനും പുതുവഴികളെപ്പറ്റി കൂട്ടായി അന്വേഷിക്കാനുമുള്ള സന്ദർഭമായാണ് ഒക്ടോബറിൽ തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ നടക്കുന്ന രണ്ട് ദിവസമായി സംഘടിപ്പിക്കപ്പെടുന്ന സമ്മേളനത്തെ കൂട്ടായ്മ സമീപിക്കുന്നത്. മലയാളം കമ്പ്യൂട്ടിങ്ങിലെ നിലവിലുള്ള സ്ഥിതിയും, ഇത്തരം ഇടപെടലുകളുടെ സാംസ്കാരിക പ്രസക്തിയും ചർച്ച ചെയ്യുന്നതോടൊപ്പം നിലവിലുള്ള വെല്ലുവിളികൾ തരണം ചെയ്യാനുള്ള ആലോചനയും വിദഗ്ദ്ധ പാനൽ ചർച്ചകളും ഈ പരിപാടിയുടെ ഭാഗമായുണ്ടാവും.

പരിപാടിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ 12.smc.org.in എന്ന വെബ്സൈറ്റും തുടങ്ങിയിട്ടുണ്ട്.